കേരള സർക്കാർ

നം.56136/ഡിസി1/09/എൽ.എസ്.ജി ഡി

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം, തിയതി : 14/09/2009

## സർക്കുലർ

വിഷയം: ഗാന്ധിജയന്തി /ഗ്രാമവികസനവാരം 2009 - ശുചിത്വ കാമ്പയിനും വികസന പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുന്നത് സംബന്ധിച്ച് -

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ചക്കാലം ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യ ത്തിൽ ഗ്രാമവികസനവാരമായി ആചരിച്ചു വരികയാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും പഞ്ചാ യത്ത് തലത്തിലും, ഈ വാരക്കാലത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതുസ്ഥാപനങ്ങളു ടെയും നേതൃത്വത്തിൽ ശുചിത്വ പ്രവർത്തനങ്ങളും വികസനപരിപാടികളും ഊർജ്ജിതപ്പെടുത്തുന്നതിന് തീരുമാ നിച്ചിട്ടുണ്ട്. മാലിന്യമുക്തകേരളം കർമ്മ പരിപാടി, കുടുംബശ്രീ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ഭവന പദ്ധതികൾ, ജനകീയാസൂത്രണ പ്രവർത്തനങ്ങൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, പരാതി പരിഹാര നടപടികൾ എന്നിവയുടെ ആസൂത്രണവും, നിർവ്വഹണവും ഊർജ്ജിതപ്പെടുത്തുന്ന കർമ്മ പരിപാടികൾക്ക് ഈ ദിവസങ്ങളിൽ തുടക്കം കുറിക്കുകയും ഗുണഭോക്തൃ സമൂഹങ്ങൾക്കിടയിൽ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 ന് പൊതു സ്ഥലങ്ങളിലേയും, പൊതു സ്ഥാപന ങ്ങളിലേയും സ്കൂളുകളിലേയും ശുചീകരണ പ്രവർത്തനങ്ങൾ ബഹു.ജന പങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിയ്ക്കേണ്ടതാണ്. അതോടൊപ്പം പ്ളാസ്റ്റിക് മാലിന്യം ഉയർത്തുന്ന പ്രശ്നങ്ങളും വികേന്ദ്രീകൃതമായ ഖരമാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യവും ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിയ്ക്കുന്ന പരിപാടികളിൽ പ്രാമുഖ്യം നൽകേണ്ടതാണ്. എല്ലാ തദ്ദേശ സ്ഥാപനതലത്തിലും ഈ വാരാചരണത്തിന്റെ ഔപചാരികമായ തുടക്കം ഒക്ടോബർ 2 ന് നടക്കണം. വാർഡ്തലത്തിലും, അയൽക്കൂട്ട തലത്തിലും പരിസര ശുചിത്വത്തിന്റെ പ്രവർത്തനങ്ങൾ നടക്കണം. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉൽഘാടന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഒക്ടോബർ 3 ന് സർക്കാർ ഓഫീസുകളിലും, സ്ഥാപനങ്ങളിലും ശുചിത്വ പ്രവർത്തനങ്ങൾ വിപുലമായി സംഘടിപ്പിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും കഴിയണം. പൊതു സ്ഥാപനങ്ങളുടെ ശുചിത്വ ആവശ്യങ്ങൾ ചിട്ടപ്പെടുത്തി ഭാവി പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

ആഫീസിന്റെ/സ്ഥാപനത്തിന്റെ ശുചിത്വ സമീപനരേഖ തയ്യാറാക്കി ജീവനക്കാരുടെ സ്റ്റാഫ് മീറ്റിംഗിൽ അംഗീകരിക്കുകയും അത് നടപ്പാക്കുന്നതിന് കർമ്മ പദ്ധതിയും രൂപീകരിക്കണം. ഇതിന്റെ പുരോഗതി വിലയിരുത്തി ആഫീസിന്റെ /സ്ഥാപനത്തിന്റെ ശുചിത്വ നിലവാരം നിർണയിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതാണ്.

ഒക്ടോബർ 4 ന് ഇ.എം.എസ് ഭവന പദ്ധതിയുടെ നിർവ്വഹണ രൂപരേഖ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കേണ്ടതാണ്. ഇതിന് പ്രാഥമികമായി ഗുണഭോക്തൃ

ലിസ്റ്റിന് അന്തിമ രൂപം നൽകേണ്ടതുണ്ട്. ഗ്രാവസഭകൾ ചേർന്ന് അന്തിമ ലിസ്റ്റ് പൂർത്തിയാക്കുകയും, തദ്ദേശസ്ഥാപനപ്രദേശത്ത് ലഭിക്കാവുന്ന സർക്കാർ ഭൂമിയുടെ അളവും തിട്ടപ്പെടുത്തണം. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നാലിന് ഗ്രാമപഞ്ചായത്ത് അംഗങ്ങളും, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും, വീട് നിർമ്മാണത്തിന്റെ കർമ്മസമിതിയംഗങ്ങളുടേയും പ്രാദേശിക സഹകരണ ബാങ്കിന്റെയും സന്നദ്ധ പ്രവർത്തകരേയും സാങ്കേതിക സ്ഥാപനങ്ങളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി പദ്ധതി രൂപീകരണ ശിൽപശാല നടത്തേണ്ടതാണ്.

ഒക്ടോബർ 5 ന് സ്കൂൾ ശുചിത്വ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി സ്കൂൾതലത്തിൽ ഏറ്റെടുക്കണം. എല്ലാ തിങ്കളാഴ്ചയും 'ഡ്രൈഡേ' എന്ന സന്ദേശവും, പകർച്ചവ്യാധികളുടെ ഉറവിടം മലിനമായ പരിസരം എന്ന സന്ദേശവും സ്കൂളുകളിൽ എത്തിക്കണം. സ്കൂൾ വിദ്യാർത്ഥികളുടെ പാഠ്യ പദ്ധതിയുടെ ഭാഗമായ ശുചിത്വ പ്രവർത്തനങ്ങളുടെ തുടക്കവും നടക്കണം.

ഒക്ടോബർ 6 ന് പദ്ധതി പ്രവർത്തനങ്ങളുടെ ഔപചാരികമായ തുടക്കം, ജനകീയാസൂത്രണം, കേന്ദ്രാവിഷ്കൃത പദ്ധതികൾ, എന്നിവ വഴി നിർമ്മാണം പൂർത്തിയാക്കിയ ആസ്തികളുടേയും, നിർമ്മാണ പ്രവർത്തികളുടെയും ഔപചാരിക തുടക്കം ഈ ദിവസം എല്ലാ തദ്ദേശസ്ഥാപനതലത്തിലും ഏറ്റെടുക്കണം.

ഒക്ടോബർ 7 ന് 'എല്ലാപേർക്കും തൊഴിൽ' എന്ന മുദ്രാവാക്യം ഉയർത്തി തൊഴിലുറപ്പ് പദ്ധതിയെ തദ്ദേശസ്ഥാപനതലത്തിൽ ഏറ്റെടുക്കുന്നതിന്റെ പ്രഖ്യാപനം ഉണ്ടാകണം. പുതിയ പ്രവർത്തികളുടെ ഔപചാരികമായ തുടക്കം അന്നേ ദിവസം നടക്കേണ്ടതാണ്. എല്ലാ പഞ്ചായത്തിലും 'ഒരു ലേബർ ബാങ്ക്' എന്ന പദ്ധതിയുടെ ഔപചാരിക തുടക്കത്തിലേയ്ക്ക് നീങ്ങുന്നതിനുള്ള നടപടികളും ഈ ദിവസം നടക്കണം. ലേബർ ടീമിന്റെ രൂപീകരണവും ലേബർ ബാങ്കിന്റെ പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനുള്ള 'തൊഴിലാളി സംഗമങ്ങൾ' അന്ന് ഗ്രാമപഞ്ചയാത്തുകളിൽ സംഘടിപ്പിക്കണം.

ഒക്ടോബർ 8 ന് കുടുംബശ്രീ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ അവലോകനം ചെയ്യുകയും, കുടുംബശ്രീ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഔപചാരിക തുടക്കവും ഈ ദിവസം ഏറ്റെടുക്കണം. ഓണക്കാലത്ത് നടത്തിയ കുടുംബശ്രീ വിപണനമേളയുടെ ശക്തി ദൗർബല്യങ്ങൾ പരിശോധിച്ച് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വിപണനമേളകൾ ഈ ദിവസം സംഘടിപ്പിക്കണം. പഞ്ചായത്ത് തലത്തിൽ കൂടുതൽ ഉൽപന്നങ്ങൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സാങ്കേതിക പിൻതുണയും നൽകണം.

തദ്ദേശ സ്ഥാപനതലത്തിൽ ജനപ്രതിനിധികളുടെ അംഗസംഖ്യ 50 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമ്മാണം കൊണ്ടുവന്നതിന്റെ പശ്ചാത്തലത്തിൽ 8ന് വൈകിട്ട് എല്ലാ തദ്ദേശസ്ഥാപന

തലത്തിൽ 'സ്ത്രീ ശാക്തീകരണ സംഗമങ്ങൾ' സംഘടിപ്പിക്കുകയും തുല്യ പങ്കാളിത്തത്തിൽ നിന്നും കൂടുതൽ ശാക്തീകരണത്തിലേയ്ക്ക് എന്ന വിഷയം ചർച്ച ചെയ്യുകയും വേണം.

ഗാന്ധിജയന്തി/ ഗ്രാമവികസന വാരാചരണത്തിൽ തദ്ദേശസ്ഥാപനതലത്തിൽ ഏറ്റെടുത്തിട്ടുള്ള മാലിന്യ മുക്ത കേരളം കർമ്മപരിപാടി, ഇ.എം.എസ് ഭവന പദ്ധതി, കുടുംബശ്രീ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പരിപാടി, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കേണ്ടതാണ്. പൊതുസ്ഥാപനങ്ങളുടേയും, സ്കൂളുകളുടേയും ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കണം. ബന്ധപ്പെട്ടവരുടെ യോഗം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സെപ്റ്റം ബർ മാസം 25ന് മുൻപ് വിളിച്ചുചേർത്ത് വാരാചരണത്തിന്റെ വിശദമായ രൂപരേഖ തയ്യാറാക്കണം. ജില്ലാ പഞ്ചായ ത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗം സെപ്റ്റംബർ 22ന് മുൻപ് കൂടി ആവശ്യമായ തീരുമാനങ്ങൾ എടുക്കണം. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പൊതു സ്ഥാപനങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന കർമ്മ പദ്ധതിയും മുൻകൂട്ടി തയ്യാറാക്കുന്നതിന് ജില്ലയിലെ ശുചിത്വ മിഷന്റെ പ്രവർത്തകർ ശ്രദ്ധിക്കണം.

ഗാന്ധിജയന്തിയും/ഗ്രാമവികസനവാരവും സമുചിതമായി ആഘോഷിക്കുന്നതിന് വിവിധ തദ്ദേശസ്വയംഭ രണ സ്ഥാപനങ്ങൾക്ക് പുറമേ ജില്ലകളുടെയും, ഗ്രാമവികസന നഗരകാര്യം, പഞ്ചായത്തുവകുപ്പുകളുടെ ജില്ലാ തല ഉദ്യോഗസ്ഥർ നേതൃത്വം നൽകേണ്ടതാണ്. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ ത്രിതല പഞ്ചായത്തുകളുടെ സമാഹൃത റിപ്പോർട്ടുകളുടം നഗരസഭകളുടേത് നഗരകാര്യ റീജ്യണൽ ജോയിന്റ് ഡയറ ക്ടർമാരും യഥാക്രമം 20.10.09നകം ഗ്രാമവികസന കമ്മീഷണർ/നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശസ്വയംഭ രണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

ഗാന്ധിജയന്തി/ഗ്രാമവികസന വാരാചരണത്തിന്റെ ചിലവിലേയ്ക്കായി 5000 രൂപയിൽ അധികരിക്കാത്ത തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചിലവഴി ക്കുന്നതിനുള്ള യഥേഷ്ടാനുമതിയും ഇതിനാൽ നൽകുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)
2. എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (പകർപ്പ് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കണം)
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(പകർപ്പ് ഗ്രാമവിക സന കമ്മീഷണർ ലഭ്യമാക്കണം)
4. എല്ലാ ഗ്രാമപ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം
8. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, പനവിള ജംഗ്ഷൻ, തിരുവനന്തപുരം
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
13. എല്ലാ കുടുംബശ്രീ മിഷൻ കോ- ഓർഡിനേറ്റർമാർക്കും
14. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
15. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എo.
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (നഗര വികസനം) യുടെ പി.എയ്ക്ക്

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**